(ഐ) പദ്ധതി നിർമ്മാണത്തിൽ ക്രമക്കേടുകൾ ഉണ്ടായതായി അറിഞ്ഞിട്ടില്ല. എന്നാൽ ടണലിൽ ചോർച്ച കണ്ടതിനെപ്പറ്റി ഗവൺമെന്റിന്റെ വിദഗ്ദ്ധൻമാരെക്കൊണ്ട് പരിശോധിപ്പിക്കുകയുണ്ടായി.

(ജെ) സെൻട്രൽ വാട്ടർ കമ്മീഷൻ, സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി, ജിയോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യാ, സെൻട്രൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്നീ സമിതികളിലെ വിദഗ്ദ്ധൻമാരുടെ റിപ്പോർട്ട് സെൻട്രൽ വാട്ടർ കമ്മീഷൻ മെമ്പർ (ശ്രീ. കെ. മാധവൻ ഗവൺമെന്റിനു സമർപ്പിച്ച റിപ്പോർട്ട് എന്നിവയുടെ ഓരോ പ്രതി അനുബന്ധമായി ചേർത്തിട്ടുണ്ട്.*

വൈദ്യുതി ബോർഡ് വാടകയ്ക്കു നൽകിയ ഉപകരണങ്ങൾ

കോൺട്രാക്ടർമാർ സ്വന്തമാക്കിയെന്ന ആരോപണം

*32 [36] ശ്രീ. സി. വാസുദേവമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടമലയാർ ഡാം നിർമ്മാണത്തിന് വൈദ്യുതി ബോർഡ് വാടകയ്ക്ക് നൽകിയ ഉപകരണങ്ങൾ കോൺട്രാക്ടർമാർ സ്വന്തമാക്കിയെന്ന ആരോപണം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തെക്കുറിച്ച് ഗവൺമെന്റ് അന്വേഷണം നടത്തിയോ;

(സി) അന്വേഷണ വിവരം വെളിപ്പെടുത്തുമോ;

(ഡി) അന്വേഷണം നടത്തിയിട്ടില്ലെങ്കിൽ ഇക്കാര്യത്തെക്കുറിച്ച് സമഗ്രമായ ഒരന്വേഷണം നടത്തുമോ?

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) ഇല്ല.

(ബി), (സി), (ഡി), എ—യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ പ്രസ്തുത ചോദ്യം ഉദിക്കുന്നില്ല.

ദേശീയഗാനം

*33 [37] ശ്രീ. നാലകത്ത് സൂപ്പി:
,, കെ. പി. എ. മജീദ്:
,, പി. കെ. കുഞ്ഞാലിക്കുട്ടി:
,, പി. കെ. കെ. ബാവ:
,, എം. പി. എം. ഇസഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയഗാനം ആലപിക്കാൻ വിസമ്മതിച്ച ഏതെങ്കിലും വിദ്യാലയമോ വിദ്യാർത്ഥികളോ ഉള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

*അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ അവരുടെമേൽ എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) യും (ബി) യും കിടങ്ങൂർ എൻ. എസ്. എസ്. ഹൈസ്കൂളിലെ 11 വിദ്യാർത്ഥികൾ ദേശീയഗാനം ആലപിക്കുവാൻ വിസമ്മതം പ്രകടിപ്പിച്ചിട്ടുണ്ട്. ഇവർ ''യഹോവ സാക്ഷികൾ'' എന്ന സമൂഹത്തിൽപ്പെട്ടവരാണ്. ദേശീയഗാനം ആലപിക്കുന്നത് നിർബന്ധമാണെന്ന് ഹെഡ്മിസ്ട്രസ് നിഷ്കർഷിച്ചതു മുതൽ ഇവർ സ്കൂളിൽ ഹാജരാകുന്നില്ല. ''യഹോവ സാക്ഷികൾ'' എന്ന സമൂഹത്തിലെ പ്രധാനിയും ടി സ്കൂളിലെ ഒരു കുട്ടിയുടെ പിതാവുമായ ഒരു പ്രൊഫസർ ഇക്കാര്യത്തിനുവേണ്ടി ദേശീയ അനാദരവ് തടയൽ നിയമമനുസരിച്ച് നടപടിയെടുക്കാൻ പോലീസ് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനിടെ 5 വിദ്യാർത്ഥികൾ ചേർന്ന് തങ്ങളെ ദേശീയഗാനം ആലപിക്കുന്നതിൽനിന്നും ഒഴിവാക്കി പഠനം തുടരാൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഹൈക്കോടതിയിൽ ഒരു റിട്ടു ഹർജി ഫയൽ ചെയ്തിട്ടുണ്ട്. ഇതു കോടതിയുടെ പരിഗണനയിലിരിക്കുകയാണ്.

തൃശ്ശൂർ ജില്ലയിലെ പാലാഴി സുദർശന സംസ്കൃത വിദ്യാലയത്തിൽ ഈ അദ്ധ്യയന വർഷാരംഭം മുതൽ ദേശീയ ഗാനത്തിനുപകരം പ്രസ്തുത സ്കൂൾ ഹെഡ്മാസ്റ്റർ എഴുതിയ മറെറാരു ഗാനം ആലപിക്കാൻ തുടങ്ങി. ഇക്കാര്യം ശ്രദ്ധയിൽപ്പെട്ട ഉടനെ ദേശീയഗാനം ആലപിക്കുന്നത് നിർബന്ധമാക്കണമെന്ന് വിദ്യാഭ്യാസ വകുപ്പുദ്യോഗസ്ഥർ ഹെഡ്മാസ്റ്ററെ അറിയിക്കുകയുണ്ടായി. അതിനുശേഷം പ്രസ്തുത വിദ്യാലയത്തിൽ ദേശീയഗാനം ആലപിക്കുന്നുണ്ട്.

എസ്. എസ്. എൽ. സി. പരീക്ഷയുടെ റീവാല്യൂവേഷൻ

*34 [38] ശ്രീ. വി. കെ. രാജൻ:
,, എം. കെ. കേശവൻ:
,, കെ. ടി. കുമാരൻ:
,, കെ. വി. സുരേന്ദ്രനാഥ്:
,, കെ. ഇ. ഇസ്മയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ എസ്. എസ്. എൽ. സി. പരീക്ഷയുടെ റിസൾട്ടിനുശേഷം എത്ര കുട്ടികൾ റീവാല്യൂവേഷൻ അപേക്ഷിച്ചു;

(ബി) എത്ര കുട്ടികളുടെ പേപ്പർ റീവാല്യൂ ചെയ്തു;

(സി) എത്ര കുട്ടികൾക്ക് കൂടുതൽ മാർക്ക് കിട്ടി;

(ഡി) എത്ര കുട്ടികൾക്ക് റാങ്കു കിട്ടി;

(ഇ) റീവാല്യൂ ചെയ്ത പേപ്പർ അവ എഴുതിയ വിദ്യാർത്ഥികൾക്ക് തിരികെ കൊടുക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly